പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2777 — 09.05.2017-ലെ മറുപടിക്ക്

## റാന്നി മേഖലയിലെ ടൗൺ ടു ടൗൺ സർവ്വീസുകൾ

ചോദ്യം
ശ്രീ. രാജു എബ്രഹാം

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുനലൂർ-പൊൻകുന്നം, പുനലൂർ-കാഞ്ഞിരപ്പള്ളി, പുനലൂർ-മുണ്ടക്കയം എന്നീ റൂട്ടുകളിലായി ടൗൺ ടു ടൗൺ സർവ്വീസ് (നേരത്തെ ചെയിൻ സർവ്വീസ്) നടത്തുന്നതിനായി എത്ര ബസ്സുകളാണ് ഉപയോഗിച്ച് വന്നിരുന്നതെന്നും ഇപ്പോൾ എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | പുനലൂർ - പൊൻകുന്നം, പുനലൂർ - കാഞ്ഞിരപ്പള്ളി, പുനലൂർ - മുണ്ടക്കയം എന്നീ റൂട്ടുകളിലായി ടൗൺ ടു ടൗൺ സർവ്വീസ് നടത്തുന്നതിനായി 13 (പതിമൂന്ന്) ബസ്സുകളാണ് ഉപയോഗിച്ച് വന്നിരുന്നത്. അത്രയും ബസുകൾ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. |
| (ബി) | പ്രസ്തുത സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന ബസുകൾ പലപ്പോഴും യാത്രയ്ക്കിടയിൽ കേടായി വഴിയിൽ കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ചെയിൻ സർവ്വീസുകളിലും ടൗൺ ടു ടൗൺ സർവ്വീസുകളിലും ഉപയോഗിക്കുന്നതിനായി അധികം പഴക്കമില്ലാത്ത ബസ്സുകൾ ഉപയോഗിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനും ആവശ്യമെങ്കിൽ ബസ്സുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | ചെയിൻ സർവ്വീസുകളിലും, ടൗൺ ടു ടൗൺ സർവ്വീസുകളിലും അധികം പഴക്കമില്ലാത്ത ബസ്സുകൾ ഉപയോഗിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. ആവശ്യമെങ്കിൽ ബസുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ ബസുകൾക്ക് സഹായമാകംവിധം സർവ്വീസുകൾ വൈകിപ്പിക്കുകയോ, യഥാസമയം സർവ്വീസ് നടത്താതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | സ്വകാര്യ ബസുകൾക്ക് സഹായകരമാംവിധം സർവ്വീസുകൾ വൈകിപ്പിക്കുകയോ, യഥാസമയം മനപൂർവ്വമായി സർവ്വീസ് നടത്താതിരിക്കുകയോ ഉദ്യോഗസ്ഥർ ചെയ്യിട്ടില്ല. അത്തരത്തിലുള്ള കൃത്യവിലോപം ശ്രദ്ധയിൽ പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | സ്വകാര്യ ബസ്സുകളുടെ കുത്തകയായ റാന്നി -തിരുവല്ല, റാന്നി- കോട്ടയം എന്നീ സെക്ടറുകളിൽ ടൗൺ ടു ടൗൺ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | റാന്നി - തിരുവല്ല, റാന്നി - കോട്ടയം എന്നീ സെക്ടറുകളിൽ ടൗൺ ടു ടൗൺ സർവ്വീസ് ആരംഭിക്കുവാനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**